# India joins the Djibouti Code of Conduct as Observer

September 16, 2020

---

## ജിബൂട്ടി പെരുമാറ്റ ചട്ടത്തിൽ ഇന്ത്യ നിരീക്ഷകനായി ചേരുന്നു

സെപ്റ്റംബർ 16, 2020

2020 ഓഗസ്റ്റ് 26 നടന്ന ജിബൂട്ടി പെരുമാറ്റ ചട്ടം/ ജിദ്ദാ ബേദഗതിയുടെ ഉന്നത തല യോഗത്തിനു ശേഷം ഇന്ത്യ ജിബൂട്ടി പെരുമാറ്റ ചട്ടം/ജിദ്ദ ഭേദഗതിയുടെ നിരീക്ഷകനായി ചേർന്നു.

ചെങ്കടൽ, ഏദൻ ഉൾക്കടൽ, ആഫ്രിക്കയുടെ കിഴക്കൻ തീരം, ഇന്ത്യൻ സമുദ്ര മേഖലയിലെ (IOR) ദ്വീപ് രാജ്യങ്ങൾ എന്നിവയോട് ചേർന്നിരിക്കുന്ന 18 അംഗരാജ്യങ്ങളുടെ നാവികകാര്യങ്ങൾ സംബന്ധിക്കുന്ന സംഘമാണ് DCOC/JA. ജപ്പാൻ , നോർവെ, UK കൂടാതെ US എന്നീ രാജ്യങ്ങൾക്കൊപ്പം നിരീക്ഷകനായാണ് ഇന്ത്യ ചേരുന്നത്.

2009 ജനുവരിയിൽ രൂപകൽപന ചെയ്ത DCOC, ഇന്ത്യൻ മഹാ സമുദ്രത്തിന്റെ പടിഞ്ഞാറൻ പ്രവിശ്യ, ഏദൻ ഉൾക്കടൽ കൂടാതെ ചെങ്കടൽ എന്നീ സമുദ്ര മേഖലകളിൽ കപ്പലുകൾക്കെതിരെയുള്ള കടൽകൊള്ളയും സാധുധകവർച്ചയും തടയുന്നതിന് ലക്ഷ്യം വച്ചുള്ളതാണ്.

DCOC /JA യുടെ നിരീക്ഷകൻ എന്ന നിലയിൽ, DCOC /JA അംഗത്വരാജ്യങ്ങളുമായി ഇന്ത്യൻ സമുദ്ര മേഖലയിൽ നാവികസുരക്ഷാ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അതിലേക്ക് സാധ്യമായ രീതിയിൽ പ്രവർത്തിക്കുന്നതിനും ഇന്ത്യ പ്രതീക്ഷിക്കുന്നു.

**ന്യൂ ഡൽഹി**
**സെപ്റ്റംബർ 16, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.